# NATIONAL BULLETIN

**DATE: 15.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ഒഡിഷ സന്ദർശനം തുടരുന്നു. 2024-ലെ കലിംഗ രത്ന പുരസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും.

**President Droupadi Murmu's Odisha visit continues. President Murmu will present the Kalinga Ratna Awards 2024 today.**

2. ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല ഉൾപ്പെടുന്ന ആക്സിയം-4 ദൗത്യ സംഘം ഇന്ന് ഭൂമിയിൽ തിരിച്ചെത്തും.

**Indian astronaut Shubhanshu Shukla and three other crew members of Axiom-4 mission to return to earth today.**

3. കേന്ദ്ര സർക്കാരിന്റെ 'ഒരു ജില്ല; ഒരു ഉൽപ്പന്നം' ദേശീയപുരസ്കാരത്തിൽ കേരളത്തിന് അഭിമാനമായി വയനാട് ജില്ലക്ക് അംഗീകാരം.

**In a proud moment for Kerala, Wayanad district has received recognition in the Union Government's 'One District, One Product' national awards.**

4. ഗ്രീൻ കാറ്റഗറി വ്യവസായങ്ങൾക്ക് 20 ദിവസത്തെ മലിനീകരണ നിയന്ത്രണ സമയപരിധി നിശ്ചയിച്ച് ഡൽഹി സർക്കാർ.

**Delhi government sets 20-day pollution clearance deadline for Green Category industries to boost ease of doing business.**

5. ഇന്ന് ലോക യുവജന നൈപുണ്യ ദിനം. സ്കിൽ ഇന്ത്യ

മിഷന്റെ പത്താം വാർഷികവും ഇന്ന്.

**Today is World Youth Skills Day. It is also the 10th anniversary of the Skill India Mission.**

**6. കേരളത്തിൽ വരും ദിവസങ്ങളിൽ മഴ ശക്തി പ്രാപിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**

**The India Meteorological Department predicted that rainfall will intensify in Kerala in the coming days. Yellow alert has been issued for eight districts today.**

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-1**

**PREZ-ODISHA**

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ഒഡിഷ സന്ദർശനം തുടരുന്നു. റെവൻഷാ സർവകലാശാലയുടെ പതിമൂന്നാം ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുത്തു. കട്ടക്കിലുള്ള റെവൻഷാ ഗേൾസ് ഹൈസ്കൂളിന്റെ മൂന്ന് കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ശ്രീമതി മുർമു ഇന്ന് തറക്കല്ലിടും. പ്രശസ്ത ഒഡിയ കവിയും പണ്ഡിതനുമായ ആദികാബി സരള ദാസിന്റെ ജന്മവാർഷിക ആഘോഷത്തിൽ പങ്കെടുക്കുന്ന രാഷ്ട്രപതി മുർമു 2024-ലെ കലിംഗ രത്ന പുരസ്കാരങ്ങളും സമ്മാനിക്കും. വൈകുന്നേരത്തോടെ ഡൽഹിയിലേക്ക് മടങ്ങും.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-2**

**AXIOM 4 RETURN**

ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല ഉൾപ്പടെ നാലുപേരടങ്ങുന്ന ആക്സിയം-4 ദൗത്യ സംഘം ഇന്ന് ഭൂമിയിലെത്തും. വൈകുന്നേരം 3 മണിയോടെ പേടകം ശാന്ത സമുദ്രത്തിൽ സ്പ്ലാഷ് ലാൻഡിംഗ് നടത്തും. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്നും ഇന്നലെ വൈകീട്ട് 4.45-ഓടെയാണ് അൺഡോക്കിങ്

പൂർത്തിയാക്കിയത്. 18 ദിവസത്തെ ബഹിരാകാശ വാസത്തിന് ശേഷമാണ് ശുഭാംശു ശുക്ലയും സംഘവും മടങ്ങിയെത്തുന്നത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**PM FAUJA SINGH**

മാരത്തൺ ഓട്ടക്കാരനായ ഫൗജ സിംഗിന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഫൗജ സിംഗിനെ അവിശ്വസനീയമായ ദൃഢനിശ്ചയമുള്ള കായികതാരം എന്ന് വിശേഷിപ്പിച്ച പ്രധാനമന്ത്രി അദ്ദേഹത്തിന് ഫിറ്റ്നസ് എന്ന വിഷയത്തിൽ ഇന്ത്യയിലെ യുവജനങ്ങളെ പ്രചോദിപ്പിക്കാൻ സാധിച്ചതായും സമൂഹമാധ്യമത്തിൽ കുറിച്ചു. പഞ്ചാബിലെ ജലന്ധറിൽ ഇന്നലെ നടന്ന വാഹനാപകടത്തിലാണ് 114 വയസ്സ് പ്രായമുള്ള ഫൗജ സിംഗ് അന്തരിച്ചത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**JAISHANKAR-SCO**

ഷാങ്ഹായ് സഹകരണ സംഘടന-വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ കേന്ദ്രമന്ത്രി എസ് ജയ്ശങ്കർ ഇന്ന് പങ്കെടുക്കും. ചൈനയിലെ ടിയാൻജിൻ നഗരത്തിൽ നടക്കുന്ന യോഗത്തിൽ വിവിധ മേഖലകളിലെ എസ്സിഒ സഹകരണത്തെക്കുറിച്ചും പ്രധാന അന്താരാഷ്ട്ര, പ്രാദേശിക വിഷയങ്ങളെക്കുറിച്ചും വിദേശകാര്യ മന്ത്രിമാർ അഭിപ്രായങ്ങൾ പങ്കുവെക്കും. അതെസമയം,വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ചൈനീസ് പ്രസിഡന്റ് ഷി ജിംഗ് പിങ്ങുമായും, ഷാങ്ഹായ് സഹകരണ സംഘടന അംഗങ്ങളുമായും കൂടിക്കാഴ്ച നടത്തി.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**INDIA - CLEAN ENERGY**

സ്ഥാപിത വൈദ്യുതിശേഷിയുടെ 50 ശതമാനവും, ഫോസിൽ ഇതര ഇന്ധന സ്രോതസ്സുകളിൽനിന്ന് ഉത്പാദിപ്പിച്ച് ഊർജ്ജ പരിവർത്തന മേഖലയിൽ ഇന്ത്യ നാഴികക്കല്ല് സൃഷ്ടിച്ച് ഇന്ത്യ. ലക്ഷ്യമിട്ടതിനക്കോൾ അഞ്ച് വർഷം മുമ്പാണ് നേട്ടം സ്വന്തമാക്കിയത്. PM-KUSUM, PM Surya Ghar: Muft Bijli Yojana, സോളാർ പാർക്ക് വികസനം, തുടങ്ങിയ മുൻനിര പദ്ധതികളാണ് ഈ പരിവർത്തനത്തിന് ശക്തമായ അടിത്തറ പാകിയത്. കാലാവസ്ഥാ

വ്യതിയാനത്തിന് പരിഹാരങ്ങൾ തേടുന്ന ലോകത്തിന്, ഇന്ത്യ വഴി കാട്ടുകയാണെന്ന് കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

**WYANAD COFFEE**

കേന്ദ്ര സർക്കാരിന്റെ 'ഒരു ജില്ല; ഒരു ഉൽപ്പന്നം' ദേശീയപുരസ്കാരം സ്വന്തമാക്കി കേരളത്തിലെ വയനാട് ജില്ല. കാർഷികവിളകളുടെ വിഭാഗത്തിൽ വയനാടൻ കാപ്പി പ്രത്യേക പരാമർശനം നേടി. ന്യൂഡൽഹിയിൽ നടന്ന അവാർഡ് ദാന ചടങ്ങിനെ വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ അഭിസംബോധന ചെയ്തു. വയനാടിന്റെ കാപ്പി, രത്നഗിരി മാമ്പഴം, പുൽവാമയിലെ കുങ്കുമപ്പൂവ് തുടങ്ങി ആഗോളതലത്തിൽ എത്തിക്കാൻ കഴിയുന്ന നിരവധി വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ ഇന്ത്യയുടെ പക്കലുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

**NATIONAL YOUTH SKILL DAY (INTRO)**

*ഇന്ന് ലോക യുവജന നൈപുണ്യ ദിനം. തൊഴിൽ, മാന്യമായ ജോലി, സംരംഭകത്വം എന്നിവയിലൂടെ യുവസമൂഹത്തെ സജ്ജമാക്കുന്നതിന്റെ തന്ത്രപരമായ പ്രാധാന്യം എടുത്തുകാട്ടുന്നതാണ് ദിനാചരണം. AI, ഡിജിറ്റൽ വൈദഗ്ധ്യത്തിലൂടെ യുവജന ശാക്തീകരണം എന്നതാണ് ഈ വർഷത്തെ പ്രമേയം. യുവതലമുറയെ സമൂഹത്തിന് ഗുണകരമാകുന്ന തരത്തിൽ വഴി തിരിച്ചു വിടുന്നതിന് മികച്ച വിദ്യാഭ്യാസം അനിവാര്യമാണെന്ന് മേരാ യുവ ഭാരത് കേരള ഡയറക്ടർ എം അനിൽകുമാർ ആകാശവാണി വാർത്തകളോട് പറഞ്ഞു.*

*(വോയിസ്)*

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

**SKILL INDIA MISSION**

സ്കിൽ ഇന്ത്യ മിഷന്റെ പത്താം വാർഷികം ഇന്ന്. യുവജനങ്ങളെ വ്യവസായ- പ്രസക്തമായ കഴിവുകളിൽ നൈപുണ്യമുള്ളവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ, 2015 ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് ഈ ദൗത്യത്തിനു തുടക്കം കുറിച്ചത്. തൊഴിൽ ചെയ്യുന്നതിനുള്ള കഴിവുകളും വളർത്തുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിബദ്ധതയാണ് ഈ പദ്ധതിയിലൂടെ പ്രതിഫലിക്കുന്നതെന്ന്കേന്ദ്ര മന്ത്രി ജയന്ത് ചൗധരി പറഞ്ഞു .

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**<u>CENTRE – T.GANA ANDHRA WATER</u>**

നദീജലം പങ്കിടുന്നതുമായി ബന്ധപ്പെട്ട തർക്കം സംബന്ധിച്ച് ചർച്ച ചെയ്യാൻ തെലങ്കാന, ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിമാരുടെ യോഗം നാളെ ഡൽഹിയിൽ ചേരും. കേന്ദ്ര മന്ത്രി സി.ആർ. പാട്ടീലിന്റെ സാന്നിധ്യത്തിൽ കൂടിക്കാഴ്ച നടത്താൻ തെലങ്കാന മുഖ്യമന്ത്രി എ. രേവന്ത് റെഡ്ഡിയെയും ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡുവിനെയും കേന്ദ്രം ക്ഷണിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**<u>ബ്രേക്ക്</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-4**

**<u>Delhi – Pollution</u>**

ഗ്രീൻ കാറ്റഗറി വ്യവസായങ്ങൾക്ക് 20 ദിവസത്തെ മലിനീകരണ നിയന്ത്രണ സമയപരിധി നിശ്ചയിച്ച് ഡൽഹി സർക്കാർ. നേരത്തെ നൽകിയിരുന്ന 120 ദിവസത്തെ സമയപരിധിയേക്കാൾ കുറവാണിതെന്ന് ഡൽഹി പരിസ്ഥിതി, വ്യവസായ മന്ത്രി മഞ്ജീന്ദർ സിംഗ് സിർസ പറഞ്ഞു. സാധാരണയായി മലിനീകരണമില്ലാത്തതും കുറഞ്ഞ അപകടസാധ്യതയുള്ളതുമായ ഗ്രീൻ

കാറ്റഗറിയിൽ തരംതിരിച്ചിരിക്കുന്ന 65-ലധികം വ്യവസായങ്ങൾക്ക് ഈ പരിഷ്കരണം നേരിട്ട് ഗുണം ചെയ്യും.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**HEADLINE-6**

**KERALA RAIN**

സംസ്ഥാനത്ത് അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, പാലക്കാട്, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ നിന്നും വെള്ളിയാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**MONSOON SESSION-PARLIAMENT**

പാർലമെന്റിന്റെ വർഷകാല സമ്മേളനം ഈ മാസം 21 ന് ആരംഭിക്കും. ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കണമെന്ന പ്രതിപക്ഷത്തിൻറെ ആവശ്യം നിലനിൽക്കേയാണ് തീരുമാനം. ഓഗസ്റ്റ് 12 വരെയാണ് വർഷകാല സമ്മേളനം.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**MEA - CANADA RATH YATRA**

കാനഡയിൽ രഥ ഘോഷയാത്രയ്ക്കിടെ ഉണ്ടായ പ്രശ്നങ്ങളെ അപലപിച്ച് ഇന്ത്യ. സംഭവത്തിന് ഉത്തരവാദികളായവർക്ക് എതിരെ നടപടിയെടുക്കാൻ കനേഡിയൻ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ മാധ്യമങ്ങളോട് പറഞ്ഞു. ജനങ്ങളുടെ മതപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് കനേഡിയൻ സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും ശ്രീ ജയ്സ്വാൾ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**TRUMP-TARIFF-RUSSIA (INTRO)**

***റഷ്യയിൽനിന്ന് എണ്ണ, വാതകം, യുറേനിയം തുടങ്ങിയവ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾക്ക് 100 ശതമാനം ദ്വിതീയ തീരുവ ചുമത്തുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. 50 ദിവസത്തെ സമയപരിധിക്കുള്ളിൽ റഷ്യ യുക്രൈനുമായി സമാധാന കരാർ ഉണ്ടാക്കിയില്ലെങ്കിൽ ശിക്ഷാ തീരുവ പ്രാബല്യത്തിൽ വരുമെന്നും വൈറ്റ്ഹൗസിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അദ്ദേഹം അറിയിച്ചു.***
***(ഹോൾഡ് - വോയിസ്)***

$$$$$$$$$$$$$$$$$$$$$$$$$$$$$

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 124 -ാം പതിപ്പാണിത്. നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 25 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

$$$$$$$$$$$$$$$$$$$$$$$$$$$$$

**BADMINTON- JAPAN OPEN**

ടോക്കിയോയിൽ ഇന്ന് ആരംഭിക്കുന്ന ജപ്പാൻ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യക്ക് പ്രതീക്ഷയായി സാത്വിക് സായിരാജ് രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യം . ഈ വർഷത്തെ ആദ്യ കിരീടം ലക്ഷ്യമിട്ടാണ് താരങ്ങൾ ഇറങ്ങുന്നത്. , പരിക്കിന്റെ തിരിച്ചടികൾക്ക് ശേഷം സിംഗിൾസിൽ ഫോം വീണ്ടെടുക്കുമെന്ന പ്രതീക്ഷയിലാണ് ലക്ഷ്യ സെന്നും പിവി സിന്ധുവും കളത്തിലിറങ്ങുന്നത്.

$$$$$$$$$$$$$$$$$$$$$$$$$$$$$

**SENSEX+GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 398 പോയിന്റ് ഉയർന്ന് 82,651 ലും,ദേശീയ ഓഹരി സൂചിക നിഫ്റ്റി 133 പോയിന്റ് ഉയർന്ന് 25,215 ലും വ്യാപാരം തുടരുന്നു.

സ്വർണവില കുറഞ്ഞു. പവന് 80 രൂപ താഴ്ന്ന് 73,160 രൂപയും ,ഗ്രാമിന് 9,145 രൂപയുമാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**PM - KAMARAJ**

സ്വാതന്ത്ര്യസമര സേനാനിയും തമിഴ്നാട് മുൻ മുഖ്യമന്ത്രിയുമായ കെ. കാമരാജിന്റെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ രൂപീകരണത്തിൽ വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയ കെ. കാമരാജ് എല്ലാവർക്കും പ്രചോദനമാണെന്നും പ്രധാനമന്ത്രി അനുസ്മരിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**J K- AMARNATH YATRA**

അമർനാഥ് തീർത്ഥാടനത്തിനായി ജമ്മുവിൽ നിന്നുള്ള 14-ാമത് സംഘം പുറപ്പെട്ടു. കർശന സുരക്ഷാ ക്രമീകരണങ്ങളോടെയാണ് 248 വാഹനങ്ങളിൽ 1,308 സ്ത്രീകളും 15 കുട്ടികളും ഉൾപ്പെടുന്ന സംഘം ഭഗവതി നഗർ യാത്രി നിവാസ് ബേസ് ക്യാമ്പിൽ നിന്ന് യാത്ര തിരിച്ചത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$

$$$$$$$$$$

$$$$$$$